**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5154** **21-03-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപ്പഞ്ചായത്തുകളെയാണ് നാളിതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം, പുതുശ്ശേരി, എലപ്പുള്ളി ഗ്രാമ പഞ്ചായത്തുകളെ നാളിതുവരെ കേര ഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. |
| (ബി) | കേരഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ; | (ബി) | **<u>പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്</u>**<br><br>2018 -19 സാമ്പത്തിക വർഷത്തിലാണ് കേര ഗ്രാമം പദ്ധതി ആരംഭിച്ചത്. 2018-19 വർഷത്തിൽ 100 Ha സ്ഥലത്തെ 17,500 എണ്ണം തെങ്ങുകൾക്കായി തടം തുറക്കലിനും പുതയിടലിനുമായി 4,20,000/- രൂപയും, ജൈവവളം, കുമ്മായം, ഡോളോമൈറ്റ്, മഗ്നീഷ്യം സൽഫൈറ്റ് എന്നിവയ്ക്കായി 6,30,200/- രൂപയും ചെലവഴിച്ചു. രോഗം ബാധിച്ചതും കായ്ഫലം ഇല്ലാത്തതുമായ 100 തെങ്ങുകൾ മുറിച്ചു പകരം പുതിയ തെങ്ങിൻതൈകൾ വെച്ച് പിടിപ്പിക്കുന്നതിനായി 1,06,000/- രൂപ വിനിയോഗിച്ചു. 74 Ha സ്ഥലത്ത് ഇടവിളകൃഷിയ്ക്കായി 4,43,800/- രൂപ അനുവദിച്ചു. ജലസേചന പമ്പ്സെറ്റിനായി 1,76,400/- രൂപ വിനിയോഗിച്ചു. തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി 48,000/- രൂപ ഉപയോഗിച്ച് 24 തെങ്ങുകയറ്റ യന്ത്രങ്ങൾ ഈ പദ്ധതി മുഖേന കർഷകർക്ക് നൽകുകയുണ്ടായി. പഞ്ചായത്ത് തല കേര സമിതികൾക്കായി 40,000/- രൂപയും അനുവദിക്കുകയുണ്ടായി.<br><br>രണ്ടാം വർഷ കേരഗ്രാമ പദ്ധതി പ്രകാരം 2019-2020 വർഷത്തിൽ 17,500 എണ്ണം തെങ്ങുകൾക്ക് തടം തുറക്കലിനും പുതയിടലിനുമായി 2,18,750/- രൂപ വിനിയോഗിച്ചു. കുമ്മായം, ഡോളോമൈറ്റ് ജൈവവളം, മഗ്നീഷ്യം സൽഫൈറ്റ് എന്നിവയ്ക്കായി 3,08,250/- രൂപയും ചെലവഴിച്ചു. രോഗം ബാധിച്ചതും കായ്ഫലം ഇല്ലാത്തതുമായ 48 തെങ്ങുകൾ മുറിച്ചു പകരം പുതിയ തെങ്ങിൻതൈകൾ വെച്ച് |

പിടിപ്പിക്കുന്നതിനായി 50,880/- രൂപയും ഇടവിളകൃഷിയ്ക്കായി 2,12,120/- രൂപയും വിനിയോഗിച്ചു.

മൂന്നാം വർഷ കേരഗ്രാമ പദ്ധതി പ്രകാരം 2020-21 വർഷത്തിൽ കുമ്മായം ,ഡോളോമൈറ്റ് , ജൈവവളം എന്നിവയ്ക്കായി 2,50,250/- രൂപയും നല്കുകയുണ്ടായി.

**പുതുശ്ശേരി ഗ്രാമപഞ്ചായത്ത്**

2018-19 സാമ്പത്തിക വർഷത്തിലാണ് കേര ഗ്രാമം പദ്ധതി ആരംഭിച്ചത്. 2018-19 വർഷത്തിൽ തടം തുറക്കലിനും പുതയിടലിനുമായി 8,49,553 രൂപയും, ജലസേചന പമ്പ്സെറ്റിനായി 3,05,753/- രൂപയും കുമ്മായം, ഡോളോമൈറ്റ്, ജൈവവളം, ഡോളോമൈറ്റ്, മഗ്നീഷ്യം സൾഫൈറ്റ് എന്നിവയ്ക്കായി 9,76,380/- രൂപയും ഉപയോഗിച്ചിരുന്നു. കണിക ജലസേചനത്തിനായി 3,35,000/- രൂപയും ജൈവവള യൂണിറ്റിനായി 40,000/- രൂപയും വിനിയോഗിച്ചു. 336 രോഗം ബാധിച്ചതും കായ്ഫലം ഇല്ലാത്തതുമായ തെങ്ങുകൾ മുറിച്ചു പകരം പുതിയ തെങ്ങിൻതൈകൾ വെച്ച് പിടിപ്പിക്കുന്നതിനായി 3,54,000/- രൂപ വിനിയോഗിച്ചു. ഇടവിളകൃഷിക്കായി 2,37,002/- രൂപ അനുവദിച്ചു. തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി 48,000/- രൂപ ഉപയോഗിച്ച് 24 തെങ്ങുകയറ്റ യന്ത്രങ്ങൾ ഈ പദ്ധതി മുഖേന കർഷകർക്ക് നൽകുകയുണ്ടായി. പഞ്ചായത്ത് തല കേര സമിതികൾക്കായി 60,000/- രൂപയും അനുവദിക്കുകയുണ്ടായി.

രണ്ടാം വർഷ കേരഗ്രാമ പദ്ധതി പ്രകാരം 2019-20 വർഷത്തിൽ തെങ്ങുകൾക്ക് തടമെടുക്കുന്നതിനായി 1,50,000/- രൂപയും ജൈവ വളത്തിനായി 5,28,000/- രൂപയും അനുവദിച്ചിരുന്നു. 150 രോഗം ബാധിച്ചതും കായ്ഫലം ഇല്ലാത്തതുമായ തെങ്ങുകൾ മുറിച്ചു പകരം പുതിയ തെങ്ങിൻതൈകൾ വെച്ച് പിടിപ്പിക്കുന്നതിനായി 1,50,000/- രൂപ വിനിയോഗിച്ചു

മൂന്നാം വർഷ കേരഗ്രാമ പദ്ധതി പ്രകാരം 2021-22 വർഷത്തിൽ ജൈവവള പ്രയോഗിക്കുന്നതിനായി 3,75,000/- രൂപ അനുവദിച്ചിരുന്നു.

**<u>എലപ്പുള്ളി ഗ്രാമപഞ്ചായത്ത്</u>**

2022-23 സാമ്പത്തിക വർഷത്തിലാണ് കേരഗ്രാമം പദ്ധതി ആരംഭിച്ചത് . 2022-23 വർഷത്തിൽ തടം തുറക്കലിനും പുതയിടലിനുമായി 17,500 തെങ്ങുകൾക്കായി 6,12,500/- രൂപയും ജൈവവളം ,

| | | | |
|---|---|---|---|
| | | | കുമ്മായം, ഡോളോമൈറ്റ് , മഗ്നീഷ്യം സൾഫൈറ്റ് എന്നിവയ്ക്കായി 5,17,500/- രൂപയും ചെലവഴിച്ചു. രോഗം ബാധിച്ചതും കായ്ഫലം ഇല്ലാത്തതുമായ 500 തെങ്ങുകൾ മുറിച്ചു പകരം പുതിയ തെങ്ങുകൾ വെച്ച് പിടിപ്പിക്കുന്നതിനായി 5,30,000/- രൂപ വിനിയോഗിച്ചു . ഇടവിളകൃഷിക്കായി 3,50,000/- രൂപ അനുവദിച്ചു. ജലസേചന പമ്പുസെറ്റുകൾക്കായി 2,00,000/- രൂപ വിനിയോഗിക്കുകയും ചെയ്തു. തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി 50,000/- രൂപ ഉപയോഗിച്ച് 25 തെങ്ങുകയറ്റ യന്ത്രങ്ങൾ ഈ പദ്ധതി മുഖേന കർഷകർക്ക് നൽകുകയുണ്ടായി. പഞ്ചായത്ത് തല കേര സമിതികൾക്കായി 3,00,000/- രൂപയും അനുവദിക്കുകയുണ്ടായി. രണ്ടാം വർഷ കേരഗ്രാമ പദ്ധതി പ്രകാരം 2023-24 വർഷത്തിൽ ജൈവകീടനാശിനികൾക്കായി 1,37,500/- രൂപയും ജൈവ വളത്തിനായി 1,75,000/- രൂപയും സൂക്ഷ്മ പോഷകങ്ങൾക്കായി 87,500/- രൂപയും വിനിയോഗിച്ചു .<br><br>മൂന്നാം വർഷ കേരഗ്രാമ പദ്ധതി പ്രകാരം 2024-25 വർഷത്തിൽ ജൈവവള ജൈവകീടനാശിനികൾക്കായി 1,37,500/- രൂപയും ജൈവ വളത്തിനായി 1,75,000/- രൂപയും സൂക്ഷ്മ പോഷകങ്ങൾക്കായി 87,500 രൂപയും വിനിയോഗിച്ചു. |
| (സി) | മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപ്പഞ്ചായത്തിനെ പുതുതായി കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | മാനദണ്ഡങ്ങൾ പാലിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും വരും വർഷങ്ങളിൽ മണ്ഡലത്തിലെ മറ്റു പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ